പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2279 — 18/02/2016 ൽ മറുപടിക്ക്

## കിടത്തി ചികിത്സയുള്ള സർക്കാർ ആശുപത്രികൾ

| ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കിടത്തി ചികിത്സയുള്ള എത്ര സർക്കാർ ആശുപത്രികളുണ്ട്; ജില്ല തിരിച്ച് എണ്ണം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ എട്ട് (8) സർക്കാർ മെഡിക്കൽ കോളേജുകളിലും ആരോഗ്യവകുപ്പിന് കീഴിലുള്ള 380 (മുന്നൂറ്റി എൺപത്) സർക്കാർ ആശുപത്രികളിലും കിടത്തി ചികിത്സ ലഭ്യമാണ്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത ആശുപത്രികളിൽ ലബോറട്ടറി പരിശോധനാ സൗകര്യം ഇല്ലാത്ത ആശുപത്രികളുടെ വിവരങ്ങൾ നൽകുമോ; | (ബി) | 8 മെഡിക്കൽ കോളേജുകളിലും ലബോറട്ടറി പരിശോധനാ സൗകര്യം ലഭ്യമാണ്. ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ ലാബ് സൗകര്യമില്ലാത്ത ആശുപത്രികളുടെ വിവരങ്ങൾ അനുബന്ധം II ആയി നൽകിയിരിക്കുന്നു. |
| (സി) | കൊല്ലം ജില്ലയിൽ എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ഉണ്ട്; പ്രസ്തുത കേന്ദ്രങ്ങളിൽ ലബോറട്ടറി സൗകര്യം ഇല്ലാത്തവ ഏതെല്ലാം; | (സി) | കൊല്ലം ജില്ലയിൽ 57 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉണ്ട്. അതിൽ ലബോറട്ടറി സൗകര്യങ്ങൾ ഇല്ലാത്ത 33 പി.എച്ച്.സികൾ നിലവിലുണ്ട്. പി.എച്ച്.സി ഇട്ടിവ, പേരയം, ഈസ്റ്റ് കല്ലട, തലവൂർ, കിളികൊല്ലൂർ, പെരിനാട്, മൺട്രോതുരുത്ത്, പട്ടാഴി വടക്കേക്കര, തൃക്കോവിൽവട്ടം, തൃക്കരുവ, ഇരവിപുരം, മാങ്കോട്, പത്തനാപുരം, പി.എച്ച്.സി ചവറ, എരൂർ, കുമ്മിൾ, അച്ചൻകോവിൽ, ചിറക്കര, എഴുകോൺ, എഴുകോൺ പവിത്രേശ്വരം, മേലില, കുന്നത്തൂർ, മൈലം, നെടുവത്തൂർ, പൂയപ്പള്ളി, എസ്.എൻ പുരം, ശൂരനാട് സൗത്ത്, തലച്ചിറ, തഴവ, തൊടിയൂർ, വെസ്റ്റ് കല്ലട. ആശുപത്രി വികസന സമിതിയും പഞ്ചായത്തുമായി സഹകരിച്ച് എച്ച്.എം.സി ലാബുകൾ നിർമ്മിക്കുന്നതിന് വേണ്ട നടപടികൾ പി.എച്ച്.സി പോരുവഴി, പി.എച്ച്.സി ഉമ്മന്നൂർ, പി.എച്ച്.സി കെ.എസ്.പുരം എന്നിവിടങ്ങളിൽ നടന്നു വരുന്നു. |
| (ഡി) | പ്രസ്തുത കേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ ? | (ഡി) | ജില്ലയിലെ ലബോറട്ടറി സംവിധാനം ഇല്ലാത്ത പി.എച്ച്.സികളിൽ ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ലാബ് ടെക്നീഷ്യൻമാരുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് 51852/എച്ച്2/2011 എന്ന ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു. സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ 8 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ